**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1787** **29-07-2021 - ൽ മറുപടിയ്ക്ക്**

**എസ്.ഡി.എഫ്., എ.ഡി.എഫ്. ഉടങ്ങിയവയുടെ വിനിയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ സുജിത് വിജയൻപിള്ള | | **Shri K N Balagopal**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | എം.എൽ.എ. ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന ഫണ്ട് എന്നിവയുടെ വിനിയോഗം സംബന്ധിച്ച അവലോകന യോഗങ്ങൾ എല്ലാ മാസവും നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ നിലവിലെ മാർഗ്ഗരേഖയായ 04.08.2018 തീയതിയിലെ സ.ഉ(അച്ചടി) നം.119/2018/ധന ഉത്തരവിലെ ഖണ്ഡിക 5.4 പ്രകാരം നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൻ കീഴിൽ അനുവദിച്ച പ്രവൃത്തികളെയും അവയുടെ പുരോഗതിയേയും സംബന്ധിച്ച അവലോകനം ഒരു വർഷം രണ്ട് തവണ എങ്കിലും ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ കളക്ടർമാരുമായും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും നടത്തേണ്ടതാണ്. എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29.12.2017 തീയതിയിലെ സ.ഉ(അച്ചടി)നം.161/2017/ധന ഉത്തരവിലെ ഖണ്ഡിക 5.4 പ്രകാരം പദ്ധതി സംസ്ഥാന തലത്തിൽ അവലോകനം ചെയ്യുന്നതിനായി സംസ്ഥാന ചീഫ് സെക്രട്ടറി/ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി വർഷത്തിൽ ഒരു തവണയിൽ കുറയാതെ ജില്ലാ കളക്ടർമാർ/എം.എൽ.എ മാർ എന്നിവരുമായി മീറ്റിംഗ് നടത്തുന്നതാണെന്നും ഇത്തരം മീറ്റിംഗുകളിൽ പദ്ധതി നടത്തിപ്പിൽ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്. |
| (ബി) | സ്കൂൾ ഫർണിച്ചർ വാങ്ങൽ, സ്മാർട്ട് ക്ലാസ്സ് റൂം മോടി പിടിപ്പിക്കൽ, പഠനോപകരണങ്ങൾ വാങ്ങൽ ഉടങ്ങിയ കാര്യങ്ങൾക്ക് എം.എൽ.എ. എസ്.ഡി.എഫ്., എ.ഡി.എഫ്. ഉടങ്ങിയ ഫണ്ടുകൾ ഉപയോഗിയ്ക്കുന്നതിന് അനുമതി നൽകാമോ; ഇതിനായി ഉത്തരവിൽ മാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ? | (ബി) | നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ നിലവിലെ മാർഗ്ഗരേഖയായ 04.08.2018 തീയതിയിലെ സ.ഉ(അച്ചടി) നം.119/2018/ധന ഉത്തരവിലെ അനുവദനീയ പ്രവൃത്തികളിൽ (അനുബന്ധം 1, ഇനം 5)സർക്കാർ വിദ്യാലയങ്ങളിൽ സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണം ഉൾപ്പെടുത്തിയിട്ടുണ്ട്. എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29.12.2017 തീയതിയിലെ സ.ഉ(അച്ചടി) നം.161/2017/ധന ഉത്തരവിലെ അനുവദനീയ പ്രവൃത്തികളിൽ (അനുബന്ധം 1, ഇനം 29)സർക്കാർ/ എയ്ഡഡ് |

| | | | |
|---|---|---|---|
| | | | വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ, സ്മാർട്ട് ക്ലാസ്സ് റൂമുകളുടെ നിർമ്മാണം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി മാർഗ്ഗരേഖയിലെ ഇനം 40 പ്രകാരം സർക്കാർ സ്കൂളുകൾക്ക് ബഞ്ച്, ഡെസ്ക്ക് മുതലായ ഫർണീച്ചർ വാങ്ങാവുന്നതാണ്. പ്രസ്തുത മാർഗ്ഗരേഖകളിലെ അനുവദനീയ പ്രവൃത്തികളിൽ പഠനോപകരണങ്ങൾ വാങ്ങൽ ഉൾപ്പെടുത്തിയിട്ടില്ല. കോവിഡ്-19ന്റെ പശ്ചാത്തലത്തിൽ പൊതു വിദ്യാഭ്യാസ വകുപ്പ് ആരംഭിച്ചിട്ടുള്ള ഓൺലൈൻ ക്ലാസ്സുകൾ ലഭ്യമല്ലാത്ത വിദ്യാർത്ഥികൾക്ക് പഠന സംവിധാനം ഒരുക്കുന്നതിനായി ആസ്തി വികസന ഫണ്ടും പ്രത്യേക വികസന നിധിയും വിനിയോഗിക്കുന്നതിന് 10.06.2020 തീയതിയിലെ സ.ഉ(സാധാ)നം.3510/2020/ധന പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ അനുബന്ധ നിർദ്ദേശങ്ങൾ 11.07.2020 തീയതിയിലെ സ.ഉ(സാധാ)നം.4094/2020/ധന പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ